കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

സർവ്വകലാശാലയുടെ പഠന വകുപ്പുകളിലെയും സെന്ററുകളിലെയും ഫീസാനുകൂല്യത്തിന് അർഹതയുള്ള SEBC/FC-BPL വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളിൽ നിന്നും ഫീസീടാക്കുന്നതിനും, പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം അനുവദിക്കുന്ന മുറക്ക് അർഹമായ തുക തിരികെ നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

---

അക്കാദമിക് ഡി വിഭാഗം

Acad.D1/8990/E-grantz/2019 തീയതി: 05.11.2019

---

പരാമർശം:-1.മാത്ത് മാറ്റിക്കൽ സയൻസ് പഠന വകുപ്പ് തലവന്റെ 11.04.2019 തീയതിയിലെ MATH/58/19 നമ്പർ കത്ത്.

2.10.06.2019 തീയതിയിലെ സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗത്തിന്റെ 2019.283 ഇനം തീരുമാനം

3.അക്കാദമിക് വിഭാഗം മുൻ അസി.രജിസ്ട്രാർ ശ്രീ.രാധാകൃഷ്ണൻ.കെ.ടി അവർകളുടെ 30.07.2019 തീയതിയിലെ റിപ്പോർട്ട്.

4.26.10.2019 തീയതിയിലെ സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗത്തിന്റെ 2019.604 ഇനം തീരുമാനം

ഉത്തരവ്

1. സർവ്വകലാശാലയുടെ മാത്ത്മാറ്റിക്കൽ സയൻസ് പഠനവകുപ്പിലെ ഫീസാനുകൂല്യത്തിന് അർഹതയുണ്ടായിരുന്ന FC-BPL വിഭാഗം വിദ്യാർത്ഥികളുടെ അപേക്ഷ പട്ടികജാതി വികസന വകുപ്പ് അംഗീകരിച്ചിട്ടുണ്ടെങ്കിലും, ആനുകൂല്യ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ, ടി.സി അനുവദിക്കുന്നതിന് മുമ്പ് ഫീസിനത്തിൽ കുടിശ്ശികയായിട്ടുള്ള തുക ഈടാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് പഠന വകുപ്പ് തലവൻ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. ഫീസാനുകൂല്യത്തിന് അർഹതയുള്ള SC/ST/OEC ഒഴികെയുള്ള വിദ്യാർത്ഥികളിൽ നിന്നും പ്രവേശന സമയത്ത് ഫീസീടാക്കുകയും, ബന്ധപ്പെട്ട സർക്കാർ വകുപ്പിൽ നിന്നും ആനുകൂല്യതുക അനുവദിക്കുന്ന മുറയ്ക്ക്, അർഹതയുള്ള തുക വിദ്യാർത്ഥികൾക്ക് തിരികെ അനുവദിക്കുന്ന രീതിയാണ് സർവ്വകലാശാലയിൽ നിലവിലുള്ളത്.

2. മേൽ വിഷയം പരിഗണിച്ച ബഹു.വൈസ് ചാൻസലർ,വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും, സിൻഡിക്കേറ്റ് തീരുമാനം വരുന്നതു വരെ നിലവിലുള്ള രീതി തുടരുന്നതിനും ഉത്തരവായിരുന്നു.

3. സർവ്വകലാശാലാ സിൻഡിക്കേറ്റ്, പരാമർശം (3) പ്രകാരം, SEBC/FC-BPL വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളിൽ നിന്നും നിശ്ചിത സമയത്ത് ഫീസ് ഈടാക്കുന്നതിനുള്ള അപേക്ഷ നിരസിക്കുന്നതിനും, ഇ-ഗ്രാന്റ്സ് മുഖേനയുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് കിട്ടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പഠന വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നൽകുന്നതിനും,

ആനുകൂല്യ തുകകൾ വേഗത്തിൽ വിതരണം ചെയ്യുന്നതിന് കേരള സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

4. അതിൻപ്രകാരമുള്ള നടപടികളുടെ ഭാഗമായി, ലഭ്യമായ വിവരങ്ങൾ, അക്കാദമിക് വിഭാഗം മുൻ അസി.രജിസ്ട്രാർ ശ്രീ.രാധാകൃഷ്ണൻ.കെ.ടി 30.07.2019 തീയതിയിലെ റിപ്പോർട്ടിൽ ഉൾപ്പെടുത്തി സർവ്വകലാശാലയിൽ സമർപ്പിച്ചിരുന്നു.

5. ബഹു.വൈസ് ചാൻസലറുടെ ഉത്തരവിൻ പ്രകാരം വിഷയം പരിഗണിച്ച സർവ്വകലാശാലാ സിൻഡിക്കേറ്റ് പരാമർശം (4) പ്രകാരം, സർവ്വകലാശാലയുടെ പഠന വകുപ്പുകളിലെ SEBC/FC-BPL വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്നതിനും, ബന്ധപ്പെട്ട സർക്കാർ വകുപ്പിൽ നിന്നും ആനുകൂല്യ തുക അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് വിദ്യാർത്ഥികൾക്ക് തിരികെ നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

6. മേൽ സിൻഡിക്കേറ്റ് തീരുമാനം നടപ്പിൽ വരുത്തി ഉത്തരവായിട്ടുണ്ട്.

7. തദനുസൃതമായി താഴെ പറയും വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു,

(i) സർവ്വകലാശാലയുടെ പഠന വകുപ്പുകളിലും, സെന്ററുകളിലും പ്രവേശനം നേടുന്ന, ഫീസാനുകൂല്യത്തിന് അർഹതയുള്ള SEBC/FC-BPL വിദ്യാർത്ഥികളിൽ നിന്നും അതാത് സെമസ്റ്ററുകളിൽ ഫീസ് ശേഖരിക്കുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയത്ത് ഫീസ് ഈടക്കേണ്ടതും, ബന്ധപ്പെട്ട സർക്കാർ വകുപ്പിൽ നിന്നും ആനുകൂല്യ തുക അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് അർഹമായ തുക വിദ്യർത്ഥികൾക്ക് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതുമാണ്.

ഒപ്പ്/-

**ബാലചന്ദ്രൻ വി കെ**

**ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)**

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1. **സർവ്വകലാശാല പഠന വകുപ്പുകളിലെ വകുപ്പ് തലവന്മാർ, അസിസ്റ്റന്റ് ഡയരക്ടർമാർ/കോഴ്സ് ഡയരക്ടർമാർ,**
2. **കമ്പ്യൂട്ടർ പ്രോഗ്രാമർ (സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേക്ക്)**

പകർപ്പ്:

**വി.സിയുടെ പി.എസ്,**
**രജിസ്ട്രാർ/എഫ്.ഒ എന്നിവരുടെ പി.എ.മാർ**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**